# ജ്ഞാനവ്യവഹാരങ്ങളുടെ തച്ചുശാസ്ത്രം

ഡോ. ആർ. ചന്ദ്രബോസ്

മുഖ്യധാരാസാമൂഹ്യശാസ്ത്ര പെരുന്തച്ചന്മാർ പണിതുയർത്തിയ സംസ്കാര ചരിത്രത്തിന്റെ നെടുങ്കൻ കോട്ടകൾ ഇടിച്ചുനിരത്തുന്നതിന്റെ സാഹസികതയാണ് ഡോ. അജികുഴിക്കാടിന്റെ 'സമൂഹപഠനങ്ങൾ -സ്ത്രീ-പരിസ്ഥിതി' എന്ന പ്രബന്ധസമാഹാരത്തിൽ നിന്ന് വായനക്കാരൻ തൊട്ടറിയുന്നത്. സ്ഥാപിത ജ്ഞാനവ്യവഹാരങ്ങളെ ഇളക്കാൻ പോന്ന നിരീക്ഷണങ്ങൾ ഇതിലടങ്ങിയിരിക്കുന്നു.

സിദ്ധാന്തങ്ങളുടെ മനുഷ്യോന്മുഖതയും ഉപാദാനങ്ങളുടെ യുക്തിയുക്തമായ വിശകലനവും ചരിത്രത്തിന്റെ ഗോപുരങ്ങളെയും പാർശ്വങ്ങളെയും ഒരുപോലെ പരിഗണിക്കുന്നതിന്റെ സമഗ്രതയും സമകാല ലോകബോധവും ഉൾവഹിക്കുന്ന ഇതിലെ പ്രബന്ധങ്ങൾ മലയാളത്തിലെ സാഹിത്യ-വൈജ്ഞാനിക സാമൂഹ്യശാസ്ത്ര പഠനമേഖലയ്ക്ക് ഒരു മുതൽക്കൂട്ടാണ്. ഇതിലെ എട്ട് പ്രബന്ധങ്ങളും കാലികമായ ജീവത് വ്യവഹാരങ്ങളെ ഇഴപിരിച്ചപഗ്രഥിക്കുന്നു. സ്ത്രീ, പരിസ്ഥിതി, കീഴാളസമൂഹ ബോധനിർമ്മിതി തുടങ്ങിയവയൊക്കെ പ്രശ്നവത്ക്കരിക്കുന്നു.

'പെൺകവിതയുടെ പുരാവസ്തുശാസ്ത്രം' എന്ന പഠനം മിഷേൽഫൂക്കോയുടെ 'ജ്ഞാനത്തിന്റെ പുരാവസ്തുശാസ്ത്രം' (Ar-cheology of Knowledge) ഓർമ്മിപ്പിച്ചുകൊണ്ട്, കവിതയെ സവിശേഷമായ ജ്ഞാനവ്യവഹാരമായി സമീപിക്കേണ്ടതെങ്ങനെയെന്ന് കാണിച്ചുതരുന്നു. ജാതിയും മതവും വർഗ്ഗവും തൊഴിലും ദേശവും പ്രായവുമൊക്കെ സവിശേഷമായ രാഷ്ട്രീയ താത്പര്യരൂപീകരണത്തിനു പിന്നിലെ നിർണ്ണായക ഘടകങ്ങളാണ് എന്നും പുതുതലമുറയിലെ പെൺകവിതകൾ പുലർത്തുന്ന ലോകബോധത്തിന്റെയും നൈതികാഭിരുചിയുടെയും രാഷ്ട്രീയസമഗ്രതയുടെയും അടിസ്ഥാനത്തിലാണ് ലിംഗപദവി നിർണ്ണയിക്കേണ്ടതെന്നും സ്ഥാപിക്കുന്നു. ഭാഷാഭിരുചികൾ, ഉത്പാദനബന്ധങ്ങൾ ഇതൊക്കെ മാറേണ്ടതിനെക്കുറിച്ചുള്ള വീക്ഷണങ്ങൾ വി.എം.ഗിരിജ, സാവിത്രീരാജീവൻ, ഗിരിജ പാതേക്കര എന്നിവരുടെ കവിതകളിൽ കണ്ടെത്താം. നിലനിൽക്കുന്ന വിചാരമാതൃകകളെ ശിഥിലമാക്കാനും ആക്രമിക്കാനും കഴിയുന്ന ആഖ്യാനഘടന ഇവരുടെ കവിതകൾക്ക് കൈവന്നത് പുതിയ ചരിത്രാവബോധ രൂപീകരണത്തിലൂടെയാണെന്ന് സമർത്ഥിക്കുന്നു.

സ്ഥാപനവത്ക്കൃതമായ വ്യവഹാരങ്ങൾ പ്രബന്ധകാരന്റെ പ്രശ്നമേഖലയാണ്. നിലനിൽക്കുന്ന സാമൂഹികസ്ഥാപനങ്ങളോടുള്ള വിയോജിപ്പും വിശ്വാസരാഹിത്യവും നിരാസവുമാണ് സൈബർമാധ്യമങ്ങളോടുള്ള അഭിനിവേശത്തിൽ പ്രതിഫലിക്കുന്നത് എന്ന് 'സൈബർ സ്ത്രീവാദത്തിന്റെ രാഷ്ട്രീയ അക്ഷങ്ങൾ' എന്ന പഠനത്തിൽ പറയുന്നു. സൈബർ ഫെമിനിസത്തിന്റെ രാഷ്ട്രീയവും സൈദ്ധാന്തികവുമായ പശ്ചാത്തലത്തെ സൂക്ഷ്മമായി പിന്തുടർന്നുകൊണ്ട് സൈബറിടത്തിന്റെ പെൺകവിത, അപരിഹാര്യമായ ചില ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖം നിർത്തുന്ന പൊതു ഇടമായി മാറുന്നതെങ്ങനെയെന്നു കാണിച്ചുതരുന്നു.

സമൂഹചരിത്രവും ലിംഗപദവിയും സംബന്ധിച്ച് ആരാധനാസ്ഥാപനചരിത്ര വിശകലനത്തിലൂടെ എന്തെന്ത് അറിവുകൾ നിഷ്പാദിപ്പിക്കാമെന്നന്വേഷിക്കുകയാണ് 'ക്രൈസ്തവാരാധനയും സ്ത്രീലിംഗപദവിയും' എന്ന പ്രബന്ധം. വിവാദമായേക്കാവുന്ന ഒരു വിഷയത്തെ എങ്ങനെ വസ്തുനിഷ്ഠവും ചരിത്രബോധ്യം തുളുമ്പുന്നതുമായ അപഗ്രഥനത്തിലൂടെ മറികടക്കാമെന്നതിനു ഉത്തമദൃഷ്ടാന്തമാണ് ഈ പഠനം. കേരളത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്നതും രൂപമാറ്റം സംഭവിച്ചതും പുതുതായി രൂപം കൊണ്ടതുമായ സ്ഥാപനങ്ങളാണ് സാമൂഹികസാമ്പത്തികബന്ധങ്ങളെ പുനർനിർണ്ണയിച്ചുകൊണ്ട് ആധുനികകേരളീയ സമൂഹത്തെ വിഭാവന ചെയ്തത് എന്ന പരികല്പന അക്കാദമിക് ചരിത്രം ഗൗരവത്തിൽ പരിഗണിക്കാത്ത വിഷയം തന്നെയാണ്.

പത്തൊൻപതാം നൂറ്റാണ്ടിലെ പള്ളികളെ മുൻനിർത്തി അവ സംസ്കാരിക സാമ്പത്തിക മൂലധനസ്ഥാപനങ്ങളായതെങ്ങനെയെന്ന് വസ്തുതകൾ എടുത്തുകാട്ടി വിശകലനം ചെയ്യുന്നു. വ്യക്തിയുടെ സദാചാരത്തിലും ലൈംഗികതയിലും അധികാരം പുലർത്തിയിരുന്ന പള്ളി, പുരുഷാധികാരത്തിന്റെ മൂല്യങ്ങളെയാണ് പരിപാലിച്ചുപോന്നത്. സവിശേഷമായ ചരിത്രഘട്ടത്തിൽ സവിശേഷമായ ആശയാവലികളുമായി ബന്ധപ്പെട്ട് രൂപപ്പെട്ട സ്ഥാപനം ജനതയുടെ ദൈനംദിനജീവിതത്തെയും വ്യവഹാരങ്ങളെയും ഏതൊക്കെ വിധത്തിലാണ് സംവിധാനം ചെയ്തതെന്ന അന്വേഷണം ചരിത്രത്തിൽ മാത്രമല്ല, വർത്തമാന ചരിത്രത്തിലും പ്രസക്തമാണെന്ന് ഈ പഠനം ചൂണ്ടിക്കാട്ടുന്നു. പ്രബന്ധരചന എങ്ങനെ ചലനാത്മകമായ ജ്ഞാനപ്രകാശം പകരാമെന്നതിന് ഉദാഹരണമാണിത്.

സാറാജോസഫിന്റെ 'ആതി' എന്ന നോവലിനെക്കുറിച്ചുള്ള മികച്ച പഠനമാണ് 'പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ദേശീരൂപങ്ങൾ'. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ദർശനങ്ങളെയും, നിലനിൽപ്പിന്റെയും വാഴ്വിന്റെയും ജൈവബന്ധങ്ങളുടെ

ചെറുകഥയുടെ കാരണവർ. മലയാളകഥയിലെ ഈ ജന്മിത്തമ്പുരാന്റെ കഥാലോകത്തെ അടുത്തറിയാനുള്ള അഭിനന്ദനീയ ശ്രമമാണ് 'കഥാജാലകം' എന്ന പേരിൽ അജേഷ് കടന്നപ്പള്ളി എഡിറ്റുചെയ്ത നായനാരുടെ കഥകളും പഠനങ്ങളും അടങ്ങിയ കൃതി.

തൊട്ടതിനും പിടിച്ചതിനും അന്തസ്സാരശൂന്യമായ വിഷയങ്ങൾക്കുമെല്ലാം സമാഹരണ ഗ്രന്ഥങ്ങൾ തട്ടിക്കൂട്ടി വ്യാജസാഹിത്യപ്രവർത്തനം നടക്കുന്ന ഇക്കാലത്ത്, ചരിത്രപരമായ മൂല്യമുള്ളതും സാഹിത്യവിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഉപകാരപ്രദമാകുന്ന ഈടുറ്റ പുസ്തകം തയ്യാറാക്കിയതിലൂടെ എഡിറ്ററും പ്രസാധകരും അഭിനന്ദനമർഹിക്കുന്നു.

കഥാചരിത്രത്തിൽ അടയാളപ്പെട്ട കേസരി നായനാരുടെ എട്ടുകഥകളും ഓരോ കഥയേയും സൂക്ഷ്മവായനയ്ക്ക് വിധേയമാക്കുന്ന പഠനങ്ങളുമാണ്. ഈ കൃതിയുടെ ഉള്ളടക്കം. നവോത്ഥാന ആശയങ്ങളുടെയും കൊളോണിയൽ ആധുനികത നിർമ്മിച്ച ഊർജ്ജപ്രവാഹങ്ങളെയും ഏറ്റുവാങ്ങിയ അസാധാരണ വ്യക്തിത്വമായിരുന്നു കേസരി. 'അറിയുന്തോറും വലുതാകുന്ന കേസരി' എന്ന ആമുഖലേഖനത്തിലൂടെ ഡോ. ജിനേഷ്കുമാർ എരമം, കേസരിയുടെ മഹത്ത്വത്തെ ചരിത്രബോധ്യങ്ങളിൽ നിന്നുകൊണ്ട് ശരിയായി വിലയിരുത്തുന്നുണ്ട്.

1861-ഒക്ടോബറിൽ വേങ്ങയിൽ കുഞ്ഞാക്കം അമ്മയുടെയും തളിപ്പറമ്പ് ചവനപ്പുഴയിലെ ഹരിദാസൻ സോമയാജിപ്പാടിന്റെയും മകനായി ജനിച്ച കുഞ്ഞിരാമൻ ആധുനികവിദ്യാഭ്യാസം നേടുകയും കൃഷിശാസ്ത്രം പഠിക്കുകയും തറവാടുഭരിക്കുകയും പിന്നീട് മദിരാശി നിയമസഭയിൽ മലബാർ ജന്മിമാരുടെ പ്രതിനിധിയാവുകയും ചെയ്യുന്നുണ്ട്. മലബാറിന്റെ കാർഷിക, വിദ്യാഭ്യാസമേഖലകളിലെ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. നവോത്ഥാനത്തിന്റെ ഊഷ്മളത നിറഞ്ഞ പ്രസംഗങ്ങളും ഓജസ്സും ഫലിതവും നിറഞ്ഞ പ്രബന്ധരചനാശൈലി കൊണ്ടും ശ്രദ്ധേയനായി. 1914-ൽ ഒന്നാം ലോകമഹായുദ്ധപശ്ചാത്തലത്തിൽ അടിയന്തിരമായി സമ്മേളിച്ച മദിരാശി നിയമസഭയിൽ പ്രസംഗിച്ചുകൊണ്ടു നിൽക്കവെയാണ് ഹൃദയാഘാതം മൂലം കർമ്മനിരതമായ ആ ജീവിതം പൊലിഞ്ഞത്.

നമുക്ക് ലഭ്യമായിരിക്കുന്ന വിരലിലെണ്ണാവുന്ന കഥകളിലും ലേഖനങ്ങളിലും നിന്ന് ചലനാത്മകമായ ഒരു കാലത്തോട് ക്രിയാത്മകമായി പ്രതികരിച്ച എഴുത്തുകാരന്റെ മനസ്സ് വായിച്ചെടുക്കാം. കഥയ്ക്ക് ജനപ്രിയമായ ഒരു മാതൃക സൃഷ്ടിക്കുകയായിരുന്നു കേൻരി. 'വാസനാവികൃതി'യെ വിശകലനം ചെയ്തുകൊണ്ട് നാരായണൻകാവുമ്പായി കഥയിലെ 'കേസരിത്തം' കണ്ടെത്തുന്നുണ്ട്. അത്യന്തം ലളിതവും സുതാര്യവുമായ ശൈലിയിലാണ് 'വാസനാവികൃതി' അവതരിപ്പിച്ചിരിക്കുന്നത്. ആഖ്യാനത്തിലെ ആത്മസ്പർശവും സാരള്യവും കഥയെ വായനക്കാരുടെ മനസ്സിൽ പതിപ്പിക്കാൻ പര്യാപ്തമാകുന്നു. ചെറുകഥയ്ക്ക് പൂർവ്വമാതൃകകളൊന്നുമില്ലാതിരുന്ന കാലത്ത് എഴുതിയ ഈ കഥ ഇക്കാലത്തും പുതുമ നഷ്ടമാകാതെ നിൽക്കുന്ന രചനയാണ്. സ്വന്തം ചുറ്റുപാടുകളിൽ നിന്ന് ജീവിതഗന്ധിയായ പ്രമേയങ്ങൾ സ്വീകരിച്ച് തെളിഞ്ഞ നാട്ടുഭാഷയിൽ കഥപറയാനുള്ള കഴിവാണ് കേസരിയുടെ വ്യതിരിക്തത. ഭാഷയിലും പ്രമേയത്തിലുമുള്ള ഇഴയടുപ്പം കൊണ്ടാണ് വാസനാവികൃതി ഇക്കാലത്തും ആസ്വാദ്യമാകുന്നതെന്ന് കാവുമ്പായി നിരീക്ഷിക്കുന്നു.

വ്യക്തിമനസ്സിന്റെ നിഗൂഢതയും ഭാവനയുടെ സ്വാതന്ത്ര്യവും സാഹസികതയും സ്വപ്നവും നിറഞ്ഞുനിൽക്കുന്ന 'ദ്വാരക'യുടെ ഉൾപ്പൊരുളുകൾ എം.വി. പവിത്രൻ 'ദ്വാരക: ഭ്രമകല്പനയും ഭാവനയും' എന്ന പഠനത്തിൽ കണ്ടെത്തുന്നു. ഉത്തമപുരുഷ സർവ്വനാമത്തിലൂടെയുള്ള കേസരിയുടെ കഥാഖ്യാനം ഒരു വിപ്ലവം തന്നെയായി കരുതാമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഭാഷണപ്രക്രിയ സവർണ അധികാരഘടനയിൽ നിയന്ത്രിതമായിരുന്ന കാലത്ത്, ഞാൻ എന്നു നെഞ്ചിൽത്തട്ടി വാക്കിനെ ജനാധിപത്യവത്ക്കരിച്ചു കേസരി. സ്വപ്നമോ മോഷണമോ പ്രണയമോ കൊലപാതകമോ വിഷയമെന്തായാലും തന്റെ നിലപാടിലുറച്ചു നിൽക്കുവാൻ നായനാർക്കു സാധിച്ചു. കഥ ഒരു സമൂഹനിർമ്മിതിയാണെന്ന ബോധ്യം നായനാർക്കുണ്ടായിരുന്നു.

മലയാളിബോധത്തെ നിർണ്ണായകമായി സ്വാധീനിച്ച ആധുനികതയുടെ അടയാളങ്ങൾ കേസരിയുടെ കഥകളിൽനിന്നു കണ്ടെത്താം. 'മേനോക്കിയെ കൊന്നതാര്' എന്ന കഥയെ വിശകലനം ചെയ്തുകൊണ്ട് നീതിന്യായ വ്യവസ്ഥ, കൃഷിശാസ്ത്രം, ഭാഷ, ദേശം, ജനാധിപത്യ വ്യവസ്ഥ തുടങ്ങിയ ആധുനികമുദ്രകൾ അജേഷ് കടന്നപ്പള്ളി ചൂണ്ടിക്കാട്ടുന്നു. കഥ വെറുതെ പറയുകയല്ല കഥയ്ക്കുള്ളിൽ ചിന്തയുടെ വെളിച്ചം തുറന്നു വെയ്ക്കുകയായിരുന്നു കേസരി എന്ന് 'പരാമർത്ഥം' എന്ന കഥാപഠനത്തിൽ കെ.ബി. ശെൽവമണി പറയുന്നു. 'പരാമർത്ഥം' നായാട്ടുകഥയാണ്. പ്രഭുക്കന്മാരുടെയും രാജാക്കന്മാരുടെയും മൃഗയാവിനോദങ്ങൾ മൃഗങ്ങളെ ആട്ടിത്തെളിച്ച് ഒരുക്കിനിർത്തിയിട്ടായിരുന്നു എന്ന് കഥയിൽ പരാമർശിക്കുന്നു. വ്യാജ യുദ്ധത്തിലൂടെ വിജയം ഘോഷിക്കുന്ന അധികാരവർഗ്ഗത്തിന്റെ തന്ത്രം പുതുകാലത്ത് മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് ഭരണകൂടം ചെയ്യുന്നു. ഈ പരമാർത്ഥത്തെ മുൻപേ ഉപദർശിച്ചിരുന്നു കേസരി. 'ഒരുപൊട്ടബ്ഭാഗ്യം' എന്ന കഥയെ വായിച്ചുകൊണ്ട് പ്രതിരോധത്തിന്റെ പ്രത്യയശാസ്ത്രം കേസരിയുടെ കഥയിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന ന്വേഷിക്കുന്നുണ്ട് സരിത ലിജീഷ്. മദിരാശിപ്പിത്തലാട്ടം എന്ന കഥയെക്കുറിച്ചുള്ള ടി. കെ. അനിൽകുമാറിന്റെ പഠനം കൃത്രിമജീവിതം അടക്കിഭരിക്കുന്ന സമകാലിക ജീവിതപരിസരത്തിൽ പ്രസക്തമാണെന്നു കണ്ടെത്തുന്നു. 'എന്റെ അനുഭവം' എന്ന കഥയെക്കുറിച്ചുള്ള ഡോ.എം. ബാലന്റെ പഠനവും, 'കഥയൊന്നുമല്ല' എന്ന കഥയെക്കുറിച്ചുള്ള ഉണ്ണികൃഷ്ണൻ. കെ.വിയുടെ പഠനവും ഈ കൃതിയിലുണ്ട്. കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ കഥകൾ ഇപ്പോഴും സമകാലികമായിരിക്കുന്നു എന്നതാണ് കഥകളും പഠനങ്ങളും സൂചിപ്പിക്കുന്നത്. ●

**പുസ്തകങ്ങൾ**

1. സമൂഹപഠനങ്ങൾ - സ്ത്രീ, പരിസ്ഥിതി /
ഡോ. അജികുഴിക്കാട്ട് പ്രോഗ്രസ്സ്, കോഴിക്കോട്

2. യൂറോപ്പുയാത്ര (യാത്രവിവരണം)/
രബീന്ദ്രനാഥ ടാഗോർ വിവർത്തനം : ലീലാസർക്കാർ
മാതൃഭൂമിബുക്സ്.

3. പ്രണയാഞ്ജലി/രബീന്ദ്രനാഥടാഗോർ
വിവർത്തനം: നാലാപ്പാടം പത്മനാഭൻ ആൽഫാവൺ

4. കഥാജാലകം / എഡി അജേഷ് കടന്നപ്പള്ളി
പുസ്തകഭവൻ.